## നിസ്വാർത്ഥ സേവനത്തിന്റെ അമ്പതാണ്ടുകൾ

മറഞ്ഞിരിക്കുന്നവരെ കണ്ടെത്തേണ്ടതും മഹത്വമനുസരിച്ച് വെളിച്ചത്തേക്ക് കൊണ്ടുവരേണ്ടതും ആദര വോടെ ഉയർത്തിപ്രതിഷ്ഠിക്കേണ്ടതും പില്ക്കാല തലമുറയുടെ കടമയും ഉത്തരവാദിത്തവുമാണ്. ഇപ്ര കാരം പീഠത്തിൽ വച്ച വിളക്കുപോൽ ഉയർത്തി പ്രതിഷ്ഠിക്കേണ്ട ഒരു വ്യക്തിത്വമാണ് ഡോ. മേരി കളപ്പുര യ്ക്കലിന്റേത്. അധികമാരും അറിഞ്ഞിട്ടില്ലാത്തതും മനസ്സിലാക്കിയിട്ടില്ലാത്തതും എന്നാൽ അനിതരസാധാര ണവുമായ ജീവിതം അർത്ഥപൂർണ്ണതയോടെ ചെലവഴിച്ചതിന് ശേഷം ഇപ്പോൾ സായാഹ്നത്തിന്റെ നിഴലിൽ പ്രാർത്ഥനയും അത്യാവശ്യമെങ്കിൽ സേവനവുമായി കഴിഞ്ഞുകൂടുകയാണ് ഡോ. മേരി. നമ്മുടെ കാലവും സഭയും  സമൂഹവുംഎന്തുമാത്രമാണ് കൃശഗാത്രയും ഒറ്റനോട്ടത്തിൽ വെറും സാധാരണക്കാരിയുമായ ഈ  സ്ത്രീരത്നത്തോട് കടപ്പെട്ടിരിക്കുന്നതെന്ന് മനസ്സിലാക്കാൻ ആ ജീവിതത്തെ  അതിന്റെ എല്ലാവിധ ത്യാഗത്തോടും സ്നേഹത്തോടും കൂടി അനാവരണം ചെയ്യേണ്ടത് അത്യാവശ്യമാണ്.

### സേവിക്കാനും സ്നേഹിക്കാനും..

ഡോ. മേരിയുടെ ജീവിതത്തെ ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ സംഗ്രഹിക്കാൻ ആവശ്യപ്പെട്ടാൽ അത് രണ്ടു വാക്കുകളിൽ ഒതുങ്ങും. സ്നേഹവും സേവനവും. കരുണയെന്നും ദീനാനുകമ്പയെന്നും സഹതാപ മെന്നുമൊക്കെ നാം പറയുന്ന എല്ലാ തിളക്കമുള്ള വാക്കുകളും സ്നേഹത്തിന്റെയും സേവനത്തിന്റെയും ഉപോല്പന്നങ്ങൾ തന്നെയാണ്.

ഈ  എൺപത്തിയഞ്ചാം വയസിലും സേവനതല്പരതയോടെ തന്റെ മേഖലയിൽ ആവശ്യക്കാർക്ക് സംല ഭ്യയാകാൻ മേരിക്ക് കഴിയുന്നുണ്ടെങ്കിൽ അത് പെട്ടെന്നൊരു നിമിഷത്തിലോ ദിവസത്തിലോ സംഭവിച്ചത ല്ലെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. കോട്ടയം ജില്ലയിലെ കൂടല്ലൂർ കളപ്പുരയ്ക്കൽ ജോസഫിന്റെയും മ്യാലിൽ കൊച്ചന്നയുടെയും മൂത്തമകളായി 1935 ഏപ്രിൽ 30 ന് ജനിച്ച ഡോ. മേരിയുടെ എന്നത്തെയും ആഗ്രഹം മറ്റുള്ളവരെ സേവിക്കുകയും സ്നേഹിക്കുകയും ചെയ്യുക എന്നതായിരുന്നു. അവൾക്കൊപ്പം വളർന്നുവന്ന ആഗ്രഹമായിരുന്നു അത്.

അന്യരെ നിസ്വാർത്ഥമായി സ്നേഹിക്കാനും മടുപ്പുകൂടാതെ സേവിക്കാനും കഴിയുന്ന ഒരേയൊരു മണ്ഡലം സന്യാസത്തിന്റേതാണെന്നും അവളറിഞ്ഞിരുന്നു.

പക്ഷേ മകളുടെ ഈ ആഗ്രഹത്തിന് നേരെ പച്ചക്കൊടി വീശാൻ  വ്യാപാരിയായിരുന്ന ജോസഫിനോ കുടുംബത്തിലെ മറ്റ് അംഗങ്ങൾക്കോ സാധിച്ചിരുന്നില്ല. ഇത് മേരിയെ ധർമ്മസങ്കടത്തിലാഴ്ത്തി. പക്ഷേ ദൈവത്തിന് വേണ്ടി ഇറങ്ങിത്തിരിക്കാൻ ആഗ്രഹിക്കുന്നവരെ മറ്റൊരു ശക്തിക്കും പിന്തിരിപ്പിക്കാനാവി ല്ലല്ലോ? ഒരുപക്ഷേ മനുഷ്യൻ പദ്ധതിയിടുന്നതിനെക്കാൾ  അതിശയകരമായ വിധത്തിലായിരിക്കും ദൈവം ആ വ്യക്തിക്ക് വേണ്ടി കരുക്കൾ നിരത്തുന്നത്. ഡോ. മേരിയുടെ ജീവിതത്തിൽ സംഭവിച്ചതും അതുതന്നെ യായിരുന്നു.

### ദൈവം ഒരുക്കിയ കണ്ടുമുട്ടൽ

കോട്ടയം അരമനയിൽ മോൺ. മാത്യു തെക്കനാട്ടിനെ കാണാനെത്തിയതായിരുന്നു മേരി. ഉദ്ദേശ്യം മറ്റൊ ന്നുമല്ല തന്റെ ദൈവവിളിയെക്കുറിച്ച് സംസാരിക്കണം. ഉപദേശം കേൾക്കണം. നേരായ വഴിക്ക് തന്നെ തി രിച്ചുവിടണം. മേരിയുടെ വല്യമ്മാവനായിരുന്നു മോൺ. മാത്യു തെക്കനാട്ട്.

പക്ഷേ അവിടെ വച്ച് ദൈവം മേരിയുടെ ജീവിതത്തിന്റെ ഗതിയെ തന്നെ തിരിച്ചുവിട്ടു. ബിഷപ്പ്  തോമസ് തറയിലായിരുന്നു അന്ന് കോട്ടയം അതിരൂപതാധ്യക്ഷൻ. അദ്ദേഹത്തെ പരിചയപ്പെട്ടപ്പോൾ തന്റെ മന സ്സിലെ തീരുമാനവും ആലോചനകളും മേരി അദ്ദേഹവുമായി പങ്കുവച്ചു.

ഉടനെ വന്നു തറയിൽ പിതാവിന്റെ മറുപടി, നീ എന്തിനാണ് മിഷന് പോകുന്നത്. നിന്നെ പോലെയുള്ളവരെ ഈ നാടിനാവശ്യമുണ്ട്. ഞാൻ പുതുതായി ഒരു സഭ തുടങ്ങാൻ ആഗ്രഹിക്കുന്നു.  കന്യാസ്ത്രീകളിൽ നിന്ന് തികച്ചും വ്യത്യസ്തമായ ജീവിതശൈലിയായിരിക്കും  ഈ പുതിയസഭയിലെ അംഗങ്ങളുടേത്. മതിൽക്കെട്ടുകളോ ആവൃതിയോഇല്ലാത്ത, സിസ്റ്റർ എന്ന് സംബോധന ഇല്ലാത്ത, സാധാരണ സ്ത്രീകളെ

പോലെ വേഷം ധരിച്ച് ലളിതജീവിതം നയിച്ച്, ക്രിസ്തുവിനെ ദരിദ്രർക്കും അഗതികൾക്കുമായി പങ്കുവച്ച് നല്കുന്ന ഒരു അല്മായ സമർപ്പിതസമൂഹം.

കേട്ടമാത്രയിൽ മേരിയുടെ ഉള്ളം തുടിച്ചു. അന്നുവരെ അവൾ കേൾക്കുകയും മനസ്സിലാക്കുകയും ചെയ്തിട്ടില്ലാത്ത വിധത്തിലുള്ള പുതിയൊരു സന്യാസസമൂഹം. മഠത്തിൽ ചേർന്നാൽ പിന്നീടൊരിക്കലും വീട്ടിൽ പോകാൻ പോലും അനുവാദമില്ലാതിരുന്ന അക്കാലത്ത്, തറയിൽ പിതാവ് വിഭാവനം ചെയ്ത അല്മായ സമർപ്പിത സമൂഹത്തിലെ അംഗങ്ങൾക്ക് സ്വന്തം വീടുകളിൽ പോകുന്നതിന് മാത്രമല്ല താമസിക്കുന്നതിനും അനുവാദമുണ്ടായിരുന്നു.

ഈ പുതുമയും മേരിയെ ആകർഷിച്ചു. മേരിയെ പോലെതന്നെ അവളുടെ വീട്ടുകാർക്കും ഈ പുതിയ സഭ അത്ഭുതവും ആശ്ചര്യവുമായി. മറ്റ് പല സഭകളിൽ നിന്നും മാറ്റിനിർത്തുന്ന പുതിയ സഭയിൽ മകൾ ചേരുന്നതിന് ഇക്കാരണം കൊണ്ടുതന്നെ വീട്ടുകാർക്കും താല്പര്യമായിരുന്നു. തറയിൽ പിതാവ് സ്വപ്നം കണ്ട ആ സഭയാണ് പില്ക്കാലത്തെ കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടായി വളർന്നു പന്തലിച്ചത്.

## കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലെ ആദ്യ അംഗം

ബിഷപ് തറയിൽ തുടങ്ങാൻ പോകുന്ന സഭയിൽ ചേരാൻ താൻ ആഗ്രഹിക്കുന്നുവെന്ന് അറിയിച്ചുകൊണ്ട് മേരി അദ്ദേഹത്തിന് കത്തെഴുതി. ഇന്റർമീഡിയറ്റ് കഴിഞ്ഞുവരാനായിരുന്നു പിതാവിന്റെ നിർദ്ദേശം. അതനുസരിച്ച് ആലപ്പുഴ സെന്റ് ജോസഫ് കോളജിൽ ചേർന്നു.

ഇക്കാലം മുഴുവൻ തറയിൽപിതാവുമായി മേരി കത്തിടപാടുകൾ നടത്തിക്കൊണ്ടിരുന്നു. തന്റെ സഭയിലേക്ക് ചേരാൻ തയ്യാറായി വന്ന പെൺകുട്ടിയെ മാനസികവും ആത്മീയവുമായി ഒരുക്കിയെടുക്കുന്നതിന്റെ ഭാഗമായി ഉപദേശങ്ങളും നിർദ്ദേശങ്ങളും തിരുത്തലുകളും നിറഞ്ഞതായിരുന്നു ആ കത്തുകൾ. ഇരുവരും തമ്മിലുള്ള ആഴപ്പെട്ട ഗുരുശിഷ്യബന്ധത്തിന്റെ അടയാളങ്ങളായി ഇന്നും ആ കത്തുകൾ അവശേഷിക്കുന്നു.

മേരി ആലപ്പുഴയിൽ നിന്ന് കോഴ്സ് പൂർത്തിയാക്കിവന്നതും കോട്ടയത്ത് ബിസിഎം കോളജ് ആരംഭിച്ചതും ഒരേ വർഷമായിരുന്നു. പിതാവിന്റെ നിർദ്ദേശാനുസരണം മേരി ബിസിഎം കോളജിൽ ലൈബ്രേറിയനായി ജോലിയിൽ പ്രവേശിച്ചു. കോളജിലെ ജോലിയും ഹോസ്റ്റലിലെ ജീവിതവും മേരിയുടെ ജീവിതത്തിൽ പില്ക്കാലത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്താൻ ഇടയാക്കി.

രാവിലെ അഞ്ചരയ്ക്ക് അരമനചാപ്പലിലായിരുന്നു മേരി കുർബാന കാണാൻ എത്തിയിരുന്നത്. അതിന് ശേഷം പിതാവുമായി സംസാരിക്കും. പുതിയ സഭയുടെ പ്രവർത്തനരീതികളും ജീവിതശൈലിയും സ്വഭാവവും പ്രാർത്ഥനാജീവിതവും എല്ലാം ആഴത്തിൽ മനസ്സിലാക്കാൻ ഈ കണ്ടുമുട്ടലുകൾ ഏറെ സഹായകമായി. ബിഷപ് തോമസ് തറയിൽ അർപ്പിച്ച ദിവ്യബലിക്കിടയിൽ 1957 സെപ്തംബർ 14 ന് കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യ അംഗമായി മേരി പ്രഥമവാഗ്ദാനം എടുത്തു.

അങ്ങനെ കേരളത്തിലെ ആദ്യത്തെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടും സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലെ ആദ്യ മലയാളി അംഗം എന്ന നിലയിൽ ഡോ. മേരിയും ചരിത്രത്തിന്റെ ഭാഗമായി മാറുകയായിരുന്നു.എന്നാൽ നിയതമായ രൂപത്തോടും ഭാവത്തോടും കൂടി കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ഔദ്യോഗികമായി നിലവിൽ വന്നത് 1961 ൽ ആയിരുന്നു എന്ന കാര്യം കൂടി പ്രത്യേകം പരാമർശിക്കേണ്ടിയയിരിക്കുന്നു. ജർമ്മനിയിലെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിൽ താമസിച്ച് അവിടുത്തെ അംഗങ്ങളോടൊപ്പം പരിശീലനം നേടുകയും ഒപ്പം മെഡിസിന് പഠിക്കുകയും ചെയ്യുന്നതിനിടയിൽ അവിടെ വച്ച് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗമായി അവരോടൊപ്പം നിത്യവാഗ്ദാനം എടുത്തുവെങ്കിലും നാട്ടിൽ തിരിച്ചെത്തിയപ്പോൾ മേരി ഒരിക്കൽ കൂടി വ്രതവാഗ്ദാനം എടുത്തു എന്ന കാര്യവും ശ്രദ്ധിക്കേണ്ടതാണ്.

## ജർമ്മനിയിൽ നിന്നൊരു ഡോക്ടർ

മേരിയുടെ കാരിസം തിരിച്ചറിഞ്ഞ ബിഷപ് തോമസ് തറയിലാണ് അവളെ മെഡിസിന് പഠിക്കാനായി ജർമ്മനിയിലേക്ക് അയച്ചത്. താൻ നട്ടുനനച്ച സഭയിൽ വരും കാലങ്ങളിൽ ഈ പെൺകുട്ടി വലിയൊരു നിധിയായി മാറുമെന്ന് ദീർഘദർശിയായ അദ്ദേഹം മനസ്സിലാക്കിയിരുന്നു. ജർമ്മനിയിലെ ജൂലിയസ് മാക്സ്മില്യൻ മെഡിക്കൽ കോളജിൽ നിന്നായിരുന്നു മേരി വൈദ്യശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം നേടിയത്. വൈദ്യശാസ്ത്രം പഠിക്കാനും സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് എന്താണെന്ന് മനസ്സിലാക്കാനും ജർമ്മനിയിലെ

വർഷങ്ങൾ മേരിയെ സഹായിച്ചു.
സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിൽ താമസിച്ചു പഠിച്ചപ്പോൾ ലഭിച്ച ബോധ്യങ്ങളാണ് നാട്ടിൽ തിരിച്ചെത്തി കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിനെ, യഥാർത്ഥ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിൽ പുതുക്കിപ്പണിയാൻ മേരിയെ പ്രേരിപ്പിച്ചത്. ബിഷപ് തോമസ തറയിലിനോടും സ്പിരിചൽ ഡയറക്ടറായിരുന്ന ഫാ. കുര്യാക്കോസ് കുന്നശ്ശേരി( പില്ക്കാലത്തെ മാർ കുര്യാക്കോസ് കുന്നശ്ശേരി)യോടും ആലോചിച്ച് പലതീരുമാനങ്ങളും ഡോ. മേരി കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിൽ നടപ്പിലാക്കി. ഇത്തരം മാറ്റങ്ങളും നവീകരണങ്ങളും സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖഛായയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തി.

## കോട്ടയം അതിരൂപതയുടെ കടപ്പാട്

ഒരു കത്തോലിക്കാ രൂപതയുടെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച വനിതകൾ ഡോ. മേരിയെപ്പോലെ കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ തന്നെ കുറവായിരിക്കും
ഈ വാക്കുകൾ കോട്ടയം അതിരൂപതാധ്യക്ഷനായിരുന്ന മാർ കുര്യാക്കോസ് കുന്നശ്ശേരിയുടേതാണ്. ഡോ. മേരി കളപ്പുരയ്ക്കലിനെ കൃത്യമായി മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്ത അപൂർവ്വം ചില വ്യക്തികളിലൊരാളാണ് ദിവംഗതനായ കുന്നശ്ശേരി പിതാവ്. വെറുമൊരു വാക്കാലോ സംഭാഷണ മധ്യേ മാത്രമോ അല്ല അദ്ദേഹം ഡോ. മേരിയോടുള്ള കോട്ടയം രൂപതയുടെ കടപ്പാട് രേഖപ്പെടുത്തിയിരിക്കുന്നത്, തന്റെ സ്മൃതിപഥം എന്ന ആത്മകഥയിലാണ് .ഡോ. മേരി വഴി കോട്ടയം അതിരൂപത കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് അദ്ദേഹം ആ കൃതിയിൽ പലയിടങ്ങളിലും വാചാലനാകുന്നുണ്ട്.
സ്മൃതിപഥത്തിൽ ഏറ്റവും കൂടുതൽ പരാമർശവിധേയമായിരിക്കുന്ന വ്യക്തികളിലൊരാളും മേരി കളപ്പുരയ്ക്കലാണ്.
സ്മൃതിപഥമോ ഡോ. മേരിയുടെ സംഭാവനകളോ അറിഞ്ഞുകൂടാത്തവർക്കായി, ആർച്ച് ബിഷപ് കുന്നശ്ശേരി കടപ്പാട് രേഖപ്പെടുത്താനിടയായ ചരിത്രപരമായ സാഹചര്യങ്ങളെക്കുറിച്ച് വിശദീകരിക്കുന്നത് നല്ലതായിരിക്കും.

## കടൽ കടന്നൊരു മാലാഖ

ആർച്ച് ബിഷപ് കുന്നശ്ശേരി കോട്ടയം അതിരൂപതയുടെ ഇടയനായി ചുമതലയേല്ക്കുമ്പോൾ രൂപത കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരിക്കുന്ന കാലമായിരുന്നു. ഓരോ രൂപതയുടെയും രൂപപ്പെടലിന് പിന്നാലെ നേരിടേണ്ടിവരുന്ന സ്വഭാവികമായ വൈഷമ്യങ്ങളും വൈതരണികളുമായിരുന്നു അവയെല്ലാം. രൂപതയുടെ നടത്തിപ്പിനും കാര്യക്ഷമതയ്ക്കും അത്യാവശ്യം വേണ്ടത് സാമ്പത്തികമായിരുന്നു. പക്ഷേ അവയുടെ അഭാവത്തിൽ പല ക്ഷേമപ്രവർത്തനങ്ങളും തടസപ്പെട്ടുകിടക്കുകയായിരുന്നു. ഈ അവസരത്തിലാണ് ഡോ. മേരിയുടെ ബന്ധങ്ങൾ രൂപതയുടെ വികസനത്തിന് നിർണ്ണായക ഘടകമായത്.
കാരണം മെഡിക്കൽ പഠനകാലത്ത് തന്റെ വിനീതമായ ഇടപെടലും സഹായമനസ്ഥിതിയും കാരുണ്യപൂർവ്വമായ പെരുമാറ്റവും കൊണ്ട് ജർമ്മനിയിൽ വിവിധ രാജ്യക്കാരുമായി ഡോ. മേരി അവിടെ ഒരുപാട് സൗഹൃദങ്ങൾ സ്വന്തമാക്കിയിരുന്നു. സാമ്പത്തികമായി വളരെ ഉയർന്ന ആ സുഹൃത്തുക്കളെ തന്റെ രൂപതയുടെയും നാടിന്റെയും വളർച്ചയ്ക്ക് വേണ്ടി പ്രയോജനപ്പെടുത്തേണ്ടതും അവരോട് സഹായം അഭ്യർത്ഥിക്കേണ്ടതും തന്റെ ഉത്തരവാദിത്തമാണെന്ന് മേരി മനസ്സിലാക്കി. തന്റെ സുഹൃത്തുക്കളെ രൂപതയുടെ വലിയ നന്മയ്ക്കുവേണ്ടി വിനിയോഗിക്കുവാനുള്ള വലിയ മനസ്സ് ഡോ. മേരിക്കുണ്ടായി എന്നാണ് അതേക്കുറിച്ചുള്ള കുന്നശ്ശേരിപിതാവിന്റെ വാക്കുകൾ. ഡോ. മേരിയെപോലെ വിദേശത്ത് ജോലി ചെയ്യുന്നവർ തങ്ങളുടെ ബന്ധങ്ങളെ രൂപതയുടെ വളർച്ചയ്ക്ക് വേണ്ടി ക്രിയാത്മകമായി ഉപയോഗിക്കുവാൻ ശ്രമിക്കുന്നില്ല എന്ന വേദനയും അദ്ദേഹം പങ്കുവച്ചിട്ടുണ്ട്. ഡോക്ടർ മേരി വഴി ജർമ്മനിയിലെ കൊളോൺ രൂപതയുമായുള്ള ബന്ധം കോട്ടയം അതിരൂപതയുടെ വളർച്ചയിൽ നിർണ്ണായക ഘടകമായിട്ടുണ്ട്.
ഇന്ന് അതിരൂപതയിൽ തല ഉയർത്തിനില്ക്കുന്ന പല സ്ഥാപനങ്ങളുടെയും ആതുരാലയങ്ങളുടെയും ബാംഗ്ലൂർ സ്വർഗ്ഗറാണി ഫൊറോന ദേവാലയം, കേരളത്തിലെ നിരവധി ദേവാലയങ്ങൾ, കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെയും വളർച്ചയുടെയും വികസനത്തിന്റെയും മൂലധനം ഡോ. മേരി വഴി വിദേശ സുഹൃത്തുക്കൾ നല്കിയ നിരുപാധികമായ പങ്കുവയ്ക്കലുകളായിരുന്നു. ഡോ. മേരിയുടെ

വിദേശ ജീവിതവും പ്രവർത്തനവും വഴി ആകൃഷ്ടരായവരായിരുന്നു അവരെല്ലാം. തങ്ങളുടെ പങ്കുവയ്ക്കലുകൾ കൃത്യമായ രീതിയിൽ വിനിയോഗിക്കപ്പെടുന്നുണ്ട് എന്ന് നേരിൽ കണ്ടറിയാനായി അവരിൽ ചിലർ കേരളത്തിൽ എത്തുകപോലും ചെയ്തിട്ടുണ്ട്.
ദേശങ്ങൾക്ക് അപ്പുറത്തു നിന്ന് തങ്ങൾ പങ്കുവയ്ച്ച ഇത്തിരികാണിക്കകൾ അറുപതും നൂറും മേനി ഫലംനല്കി മറ്റൊരു ദേശത്ത് സമൃദ്ധമാകുന്നതുകണ്ട് നിറഞ്ഞ മനസ്സോടെയാണ് അവർ മടങ്ങിപ്പോയതും.
ജർമ്മനിയിലെ കൊളോൺ രൂപതയുടെ കീഴിലുള്ള ദേവാലയത്തിൽ വിശുദ്ധ ബലി മധ്യേ ജർമ്മൻ ഭാഷയിൽ വിശ്വാസികളോട് തന്റെ രൂപതയുടെയും നാടിന്റെയും പ്രശ്നങ്ങൾ അവതരിപ്പിക്കാനും സഹായം അഭ്യർത്ഥിക്കാനും ഡോ. മേരിക്ക് അവസരം നല്കി എന്നത് തന്നെ ആ വ്യക്തിത്വത്തെ ജർമ്മൻകാർ യഥായോഗ്യം മനസ്സിലാക്കിയിരുന്നു എന്നതിന് തെളിവാണ്. കടൽ കടന്ന് പോയ ആ മാലാഖയുടെ പ്രചോദനാത്മകമായ ജീവിതം വഴിയായി കോട്ടയം അതിരൂപതയുടെ വിവിധ സ്ഥലങ്ങളും സ്ഥാപനങ്ങളും വികസനത്തിന്റെ വിശാലമായ രാജവീഥിയിലേക്ക് നടന്നടുക്കുകയായിരുന്നു. അക്കൂട്ടത്തിൽ പ്രത്യേകം പരാമർശിക്കേണ്ട ഒരു പേരാണ്  കണ്ണൂർ ജില്ലയിലെ പയ്യാവൂർ മേഴ്സി ഹോസ്പിറ്റലിന്റേത്.

മേഴ്സി ഹോസ്പിറ്റൽ, അലക്സ് നഗറിലും പയ്യാവൂരിലും

കേരളചരിത്രത്തിന്റെ ഏടുകളിലെ വളരെ തിളക്കമേറിയ ഒരു അധ്യായമാണ് മലബാർ കുടിയേറ്റം. ലോകമഹായുദ്ധങ്ങൾ ഏല്പിച്ച വറുതിയുടെയും ദുരിതങ്ങളുടെയും സഹനകാലങ്ങളിൽ, നല്ലൊരു ഭാവി സ്വപ്നം കണ്ടുകൊണ്ടായിരുന്നു മധ്യതിരുവിതാംകൂറിൽ നിന്ന് ഒരു പറ്റം ആളുകൾ മലബാറിലെ കാണാപ്പൊന്ന് തേടി യാത്ര പുറപ്പെട്ടത്. ആ സ്വപ്നങ്ങൾക്കൊപ്പം ദു:സ്വപ്നങ്ങളും അവരെ പിന്തുടരുന്നുണ്ടായിരുന്നു. പ്രകൃതിക്ഷോഭങ്ങളായി,രോഗങ്ങളായി, പകർച്ചവ്യാധികളായി, വിഷപാമ്പുകളായി..
പ്രകൃതിയോട് പടവെട്ടാനുള്ള പോരാട്ടവീര്യമുണ്ടായിരുന്നുവെങ്കിലും ഈ നിഷേധാത്മകശക്തികളോട് പൊരുതിജയിക്കാൻ ആ പാവം മനുഷ്യർക്ക് കഴിഞ്ഞിരുന്നില്ല. പകർച്ചവ്യാധികൾക്കും രോഗദുരിതങ്ങൾക്കും നടുവിൽ ഇരകളായി മരിച്ചുവീഴുന്ന ആ മനുഷ്യരെയോർത്ത് അന്നത്തെ കോട്ടയം രൂപതാധ്യക്ഷനായിരുന്ന ബിഷപ് തോമസ് തറയിലിന്റെ ഹൃദയം ആർദ്രമായി. മതിയായ ചികിത്സകിട്ടാതെ മരിച്ചുവീഴുന്ന അവരെ രക്ഷിക്കാനായി അദ്ദേഹം 1972 ൽ അല്ക്സ്നഗറിൽ മേഴ്സി ഹോസ്പിറ്റൽ സ്ഥാപിച്ചപ്പോൾ അതിന്റെ കേന്ദ്രബിന്ദു ഡോ. മേരി കളപ്പുരയ്ക്കലായിരുന്നു.
വൈദ്യുതിയോ വഴിയോ പോലെയുള്ള യാതൊരു സൗകര്യങ്ങളുമില്ലാതിരുന്ന അക്കാലത്ത്  കുടിയേറ്റക്കാരുടെ പോരാട്ടവീര്യത്തോട് ചേർന്നുനിന്നുകൊണ്ടാണ് കനത്ത ആത്മവിശ്വാസത്തോടെയും അനുകമ്പാർദ്രമായ ഹൃദയത്തോടെയും ഡോ. മേരി അവിടെ ശുശ്രൂഷ ആരംഭിച്ചത്. ആശുപത്രി പോലും ബാലാരിഷ്ടതകൾ കൊണ്ട് വീർപ്പുമുട്ടുകയായിരുന്നു. മതിയായ ഉപകരണങ്ങളും ഉണ്ടായിരുന്നില്ല. എന്നാൽ നാടിന്റെ വളർച്ചയക്കും വികസനത്തിനും വേണ്ടി ഏതറ്റം വരെ പോകാനും  അഗതികളെയും രോഗികളെയും സഹായിക്കാൻ ആരുടെ മുമ്പിലും കൈനീട്ടാനും മടിയില്ലാതിരുന്ന ഡോ മേരി തന്റെവിദേശസുഹൃത്തുക്കളുടെ സഹായം കൊണ്ടാണ് അലക്സ് നഗറിലെ ആശുപത്രിയിലേക്ക് എക്സ്റേ, ആംബുലൻസ്, ലാബ്, മരുന്ന് എന്നിവ എത്തിച്ചിരുന്നത്.
ആശുപത്രി മുന്നോട്ടുപോകണമെങ്കിൽ ഫീസ് ആവശ്യമായിരുന്നുവെങ്കിലും നിശ്ചിയിക്കപ്പെട്ടിരുന്ന തുച്ഛമായ ഫീസുപോലും നല്കാൻ കഴിവുള്ളരായിരുന്നില്ല അന്നത്തെ രോഗികൾ. കടംപറഞ്ഞ് ചികിത്സ കൈപ്പറ്റി പോകുന്നതായിരുന്നു അവരുടെ രീതി. വരുമാനമില്ലാതെ, ചെലവുകൾ മാത്രമായി ഒരു ആശുപത്രി എങ്ങനെ മുന്നോട്ടു നടത്തിക്കൊണ്ടുപോകും?
ഈ പ്രതികൂലസാഹചര്യത്തിൽ വേണമെങ്കിൽ ആശുപത്രി അടച്ചുപൂട്ടാമെന്ന വളരെ എളുപ്പമായ വഴി മാത്രമേ അധികാരികൾക്ക് മുന്നിലുണ്ടായിരുന്നുള്ളൂ. പക്ഷേ അത്തരമൊരു ആലോചനയെ പോലും മുളയിലേ നുള്ളിക്കളഞ്ഞ് തന്റെ ബന്ധങ്ങളെ ആശുപത്രിയുടെ മുന്നോട്ടുള്ളപ്രയാണത്തിന് ഫലപ്രദമായി വിനിയോഗിക്കാൻ പതിവുപോലെ ഡോ. മേരി തയ്യാറായി.
ഇങ്ങനെ ആശുപത്രി മുന്നോട്ടുപോകുമ്പോഴും മറ്റ് ചിലപ്രായോഗിക ബുദ്ധിമുട്ടുകൾ കൂടി ആശുപത്രി നേരിടുന്നുണ്ടായിരുന്നു. സൗകര്യപ്രദമായ സ്ഥലത്തായിരുന്നില്ല ആശുപത്രി പ്രവർത്തിച്ചിരുന്നത്. പുഴയുടെ തീരത്ത് പ്രവർത്തിച്ചിരുന്ന ആശുപത്രിയിലേക്ക്  ദൂരെ നിന്നുള്ളരോഗികൾക്ക് എത്തിച്ചേരാൻ പല ബുദ്ധിമുട്ടുകളുമുണ്ടായിരുന്നു.

ഈ സാഹചര്യത്തിലാണ് കുറെക്കൂടി സൗകര്യപ്രദമായ സ്ഥലത്ത് ആശുപത്രി തുടങ്ങാനുള്ള ആലോചനകൾ രൂപപ്പെട്ടത്. അതനുസരിച്ച് പയ്യാവൂർ പള്ളികെട്ടിടത്തിൽ വാടകയ്ക്ക് മേഴ്സി ആശുപത്രിയുടെ മറ്റൊരു വിങ് ആരംഭിച്ചു. 1975 ൽ ആയിരുന്നു അത്. രണ്ട് ആശുപത്രികളും തമ്മിൽ ആറു കിലോമീറ്റർ അകലമുണ്ടായിരുന്നു. എന്നാൽ രണ്ടിടങ്ങളിലും ഡോ. മേരി ഓടിയെത്തിയിരുന്നു. രാവെന്നോ പകലെന്നോ നോക്കാതെ, മഴയെന്നോ വെയിലെന്ന വ്യത്യാസമില്ലാതെ..

രോഗങ്ങൾക്കും രോഗികൾക്കും അന്നും കുറവുണ്ടായിരുന്നില്ല. പയ്യാവൂരിലെ മേഴ്സി ഹോസ്പിറ്റലിൽ കിടത്തി ചികിത്സയ്ക്കു വേണ്ടി നാട്ടുകാർ മുറവിളികൂട്ടി തുടങ്ങിയത് ആയിടയ്ക്കാണ്. അവരുടെ ആവശ്യം ന്യായമാണെന്ന് മനസ്സിലാക്കിയ ഡോ. മേരി അക്കാര്യം കുന്നശ്ശേരിപിതാവിനെ അറിയിച്ചു.

സാമ്പത്തികമായി ബുദ്ധിമുട്ടുന്ന കോട്ടയം അതിരൂപതയിൽ നിന്ന് ഒരു ആശുപത്രി പണിയുന്നതിന് സാമ്പത്തികമായി സഹായിക്കാൻ സാധിക്കുകയില്ല. ഡോ. മേരിക്ക് എന്തെങ്കിലും ചെയ്യുവാൻ പറ്റുമെങ്കിൽ ചെയ്തോ. പണമൊഴിച്ച് എല്ലാ പിന്തുണയും രൂപതയിൽ നിന്നുണ്ടാവും. അതായിരുന്നു പിതാവിന്റെ മറുപടി.

പിതാവിന്റെ വാക്കുകളും മലബാറിലെ ദൈന്യതയാർന്ന മനുഷ്യമുഖങ്ങളും മേരിയുടെ ചിന്തയിൽ മാറിമാറിവന്നു ഒടുവിൽ ജർമ്മനിയിലേക്ക് തന്നെ മടങ്ങാൻ ഡോ. മേരി നിർബന്ധിതയായി. സ്വന്തം ഇഷ്ടങ്ങളെ ബലികഴിച്ച്.. മോറിയാ മലയിലേക്ക് മകനെ ബലികഴിക്കാൻ കൊണ്ടുപോയ അബ്രഹാത്തിന്റെ മനസ്സായിരുന്നു അപ്പോൾ ഡോ. മേരിക്ക്.

ദൈവം തരും. അതായിരുന്നു അവരുടെ വിശ്വാസവും. ആ ആത്മത്യാഗത്തിന് മീതെ ഉയർന്നുനില്ക്കുന്നതാണ് ഇന്നത്തെ മേഴ്സി ഹോസ്പിറ്റൽ. തല ഉയർത്തിനില്ക്കന്ന കെട്ടിടങ്ങൾ, ക്വാർടേഴ്സുകൾ, ആധുനിക ചികിത്സാനിർണ്ണയ ഉപകരണങ്ങൾ.. ഓരോന്നും കടൽകടന്ന് പയ്യാവൂരിലെത്തിക്കൊണ്ടിരുന്നു.

അന്നത്തെ കാലത്ത് മലബാറിലെ ഏറ്റവും വലിയ കെട്ടിടമായിരുന്നു മേഴ്സി ഹോസ്പിറ്റൽ. ഇന്ന് മേഴ്സി ഹോസ്പിറ്റലിൽ എത്തുന്ന ആരെങ്കിലും അതിന് പിന്നിൽ പ്രവർത്തിച്ച ഡോ. മേരിയുടെ ത്യാഗോജ്ജ്വലമായ ജീവിതം അറിയുകയോ ഓർമ്മിക്കുകയോ ചെയ്യുന്നുണ്ടാവുമോ ആവോ? എന്തായാലും പയ്യാവൂരിലെ മേഴ്സി ആശുപത്രിയുടെ ഉദ്ഘാടന വേളയിൽ മാർ കുന്നശ്ശേരിപിതാവ് പറഞ്ഞ വാക്കുകൾ ഇന്നും മാഞ്ഞുപോയിട്ടില്ല.

ഇതായിരുന്നു ആ വാക്കുകൾ: ഈ ആശുപത്രി പണിയുന്നതിന് കോട്ടയം രൂപതയ്ക്കോ നാട്ടുകാർക്കോ അഞ്ചുപൈസ പോലും മുടക്കേണ്ടിവന്നിട്ടില്ല. നിങ്ങൾ പൊന്നുപോലെ സ്നേഹിക്കുന്ന നിങ്ങളുടെ ഡോ. മേരി നിങ്ങൾക്കു വേണ്ടി ജർമ്മനിയിൽ ജോലി ചെയ്തു പിരിച്ചുണ്ടാക്കിയ തുക കൊണ്ടാണ് ഈ ആശുപത്രി പണികഴിപ്പിച്ചിരിക്കുന്നത്.

## മലബാറിന്റെ വികസനവും മേരിയുടെ ഇടപെടലും

മൊബൈലിന്റെയും വാട്സാപ്പിന്റെയും കുത്തകക്കാരായി മാറിയിരിക്കുന്ന ന്യൂജൻ കുട്ടികൾക്ക് പണ്ടുകാലത്ത് ഫോൺ വിളിക്കാൻ സൗകര്യങ്ങൾ ഇല്ലാതിരുന്നതിനെക്കുറിച്ചോ അന്ന് കത്തിടപാടുകൾ നടത്താൻ ബുദ്ധിമുട്ടിയിരുന്നതിനെക്കുറിച്ചോ സങ്കല്പിക്കാൻ പോലുമാവില്ല. പക്ഷേ അങ്ങനെയും ഒരു കാലമുണ്ടായിരുന്നു ഈ കേരളത്തിന്.

ഫോൺ വിളിക്കാൻ ടെലിഫോൺ എക്സ്ചേഞ്ചിൽ കോൾ ബുക്ക് ചെയ്ത് കാത്തിരുന്ന കാലം. കേരളത്തിന്റെ അവികസിതമേഖലകളിലെവിടെയും നേരിട്ടുകൊണ്ടിരുന്ന ആശയവിനിമയോപാധികളുടെ കാര്യത്തിലുള്ള ഈ പ്രതിസന്ധി മലബാറിനും പ്രത്യേകിച്ച് പയ്യാവൂരിന് അപരിചിതമായിരുന്നില്ല. ഫോണുകളും പോസ്റ്റ്ഓഫീസുകളും ഇല്ലാത്ത കാലം.

ഇവിടെയും ഡോ മേരിയുടെ ദീർഘവീക്ഷണത്തിന്റെ ജ്ഞാനവും സഹജീവികളോടുള്ള സ്നേഹവും ഉണർന്നുപ്രവർത്തിച്ചു. ഡോ. മേരിയുടെ സ്വാധീനം വഴിയായിരുന്നു മേഴ്സി ഹോസ്പിറ്റലിന് ആദ്യമായി ടെലിഫോൺ കണക്ഷൻ ലഭിച്ചത്. അതുപോലെ പോസ്റ്റോഫീസ് അനുവദിച്ചതിന് പിന്നിലും ഡോ. മേരിയുണ്ടായിരുന്നു.

നാലു കിലോമീറ്റർ നടന്നുവേണമായിരുന്നു അന്ന് കത്തുകൾ അയ്ക്കുന്നതിനോ മേടിക്കുന്നതിനോ പോകേണ്ടിയിരുന്നത്. ഈ ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുകൊണ്ടാണ് മേഴ്സി ഹോസ്പിറ്റൽ ബിൽഡിംങിൽ തന്നെ പോസ്റ്റ് ഓഫീസ് പ്രവർത്തിക്കാനുള്ള തീരുമാനമുണ്ടായത്. ഈ രണ്ടു നേട്ടങ്ങൾക്ക് പിന്നിലും ഡോ. മേരിയുടെ മാതൃസഹോദരന്മാരായ ഫാ. ജോൺ മ്യാലിൽ, ഫാ. കുര്യാക്കോസ് മാല്യിൽ

എന്നിവരുടെ സഹായസഹകരണങ്ങളും ഉണ്ടായിരുന്നു.
അലക്സ് നഗർ മേഴ്സി ഹോസ്പിറ്റലിലേക്ക് രോഗികൾക്ക് എത്തിച്ചേരാൻ തടസ്സമായി നിന്നിരുന്നത് പാലത്തിന്റെയും വഴികളുടെയും അഭാവമായിരുന്നു. പാലം ഇല്ലാതിരുന്നതിന്റെ പേരിൽ കൃത്യസമയത്ത് ആശുപത്രിയിലെത്തിക്കാൻ കഴിയാതെ രോഗി മരിച്ചതും നനഞ്ഞുകുളിച്ച് വരുന്ന രോഗികളുടെയും ബന്ധുക്കളുടെയും വേദന കണ്ടറിഞ്ഞതുമാണ് നാട്ടുകാരെ സംഘടിപ്പിച്ചത് ഒരു തൂക്കുപാലം നിർമ്മിക്കുന്നതിന് ഡോ. മേരിയെ പ്രേരിപ്പിച്ചത്.
അഞ്ചരലക്ഷം രൂപ മുടക്കി മുപ്പതിലധികം വർഷങ്ങൾക്ക് മുമ്പ് പണികഴിപ്പിച്ച ആ തൂക്കുപാലത്തിന് വേണ്ടി നാട്ടുകാരുടെ സംഭാവന വെറും ഇരുപതിനായിരം രൂപ ആയിരുന്നു. ബാക്കിതുക മുഴുവൻ ഡോ. മേരി സമാഹരിച്ചവയായിരുന്നു. കേരളത്തെ ദുരിതക്കയത്തിലാക്കിയ കഴിഞ്ഞ രണ്ടുവർഷങ്ങളിലെയും പ്രളയത്തെ അതിജീവിക്കാൻ ഈ തൂക്കുപാലത്തിന് കഴിഞ്ഞുവെന്നത് നിർമ്മാണവൈദഗ്ദ്യത്തിന്റെ തെളിവാണ്. നാട്ടുകാരുടെ സഹായത്തോടെ നിരവധി റോഡുകൾ വെട്ടിത്തെളിച്ച് ഗതാഗതയോഗ്യമാക്കാനും ഡോ. മേരി മുമ്പന്തിയിലുണ്ടായിരുന്നു.

കാരിത്താസും ഡോ. മേരിയും

കോട്ടയം കാരിത്താസ് ഹോസ്പിറ്റലും ഡോ. മേരി കളപ്പുരയ്ക്കലും തമ്മിലുള്ള ബന്ധം രണ്ടു ഘട്ടങ്ങളുമായിട്ടാണ് ബന്ധപ്പെട്ട് കിടക്കുന്നത്. വൈദ്യശാസ്ത്രത്തിൽ ജർമ്മനിയിൽ നിന്ന് ബിരുദാനന്തരബിരുദം നേടി തിരിച്ചെത്തിയപ്പോൾ മുതൽ ആരംഭിച്ചതാണ് കാരിത്താസ് ഹോസ്പിറ്റലും ഡോ. മേരിയുമായുള്ള ബന്ധം. കാരിത്താസ് ഹോസ്പിറ്റലിന്റെ പ്രഥമ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഡോക്ടറായിരുന്നു. ബിഷപ് തോമസ് തറയിലായിരുന്നു ആ നിയമനം നടത്തിയത്. പയ്യാവൂർ മേഴ്സി ഹോസ്പിറ്റലിൽ നിന്ന് മടങ്ങിയെത്തിയപ്പോൾ മുതല്ക്കാണ് കാരിത്താസുമായുള്ള രണ്ടാം ഘട്ട ബന്ധം ആരംഭിച്ചത്. ഈ അവസരത്തിൽ അത്യാഹിതവിഭാഗത്തിന്റെ ചുമതലയാണ് ഏല്ക്കേണ്ടിവന്നത്. പയ്യാവൂരിലെ നീണ്ടവർഷത്തെ വ്യത്യസ്തവും വെല്ലുവിളികൾ നിറഞ്ഞതുമായ സേവനപരിചയം ഇക്കാരത്തിൽ ഏറെ സഹായകരമായി. അത്യാഹിതവിഭാഗത്തിന്റെ ചുമതല വഹിച്ച പതിറ്റാണ്ടുകാലം കൊണ്ട് ഏറെ പ്രതിബന്ധങ്ങളും ബുദ്ധിമുട്ടുകളുമുള്ള ആ ഡിപ്പാർട്ട്മെന്റിന്റെ മുഖച്ഛായതന്നെ മാറ്റാൻ ഡോക്ടർക്ക് കഴിഞ്ഞു.അതുപോലെ തന്നെ മേരിയുടെ സജീവശ്രദ്ധ പതിഞ്ഞ ഒരു വിഭാഗമാണ് പാലിയേറ്റീവ് കെയർ. ഈ രംഗത്തെ സേവനങ്ങളെയും പ്രവർത്തനങ്ങളെയും കുറിച്ച് കൂടുതൽ വിശദീകരിക്കേണ്ടതായിട്ടുണ്ട്.

ഡോ. മേരിയും സാന്ത്വനചികിത്സയും

. മധ്യകേരളത്തിലെ പാലിയേറ്റീവ് കെയറിന് രൂപവും ഭാവവും നല്കിയതും സാന്ത്വനചികിത്സാ കേന്ദ്രങ്ങളെ ഒരേ കുടക്കീഴിൽ കൊണ്ടുവന്നതും ഡോക്ടറായിരുന്നു. മേരിയുടെ പ്രചോദനം സ്വീകരിച്ച് നിരവധി പഞ്ചായത്തുകളിലും സന്നദ്ധസംഘടനകളിലും ആശുപത്രിയുൾപ്പടെ പല സ്ഥാപനങ്ങളിലും പാലിയേറ്റീവ് കെയർ സെന്ററുകൾ ആരംഭിച്ചിട്ടുമുണ്ട്. കൂടാതെ അനേകർ വോളന്റിയേഴ്സായി പ്രവർത്തിക്കാൻ മുന്നോട്ടുവരികയും ചെയ്തിട്ടുണ്ട്

പാലിയേറ്റീവ് കെയർ എന്ന് ഇന്ന് വ്യവഹരിച്ചുപോരുന്ന വിധത്തിലുള്ള സംഘടിതമായ രൂപമോ പ്രവർത്തനശൈലിയോ ഉണ്ടായിരുന്നില്ലെങ്കിലും 1970 കളിൽ മലബാറിലെ അവികസിത മേഖലകളിൽ കിടപ്പുരോഗികൾക്കിടയിൽ ഡോക്ടർ മേരി നടപ്പാക്കിപോന്നിരുന്നത് ഇന്നത്തെ പാലിയേറ്റീവ് കെയറിന്റെ ആദിരൂപം തന്നെയായിരുന്നു. ചികിത്സ കൊണ്ട് ഭേദപ്പെടുത്താനാവാത്ത രോഗികൾക്ക് സാന്നിധ്യം കൊണ്ടും വാക്കുകൾകൊണ്ടും പരിചരണം കൊണ്ടും സൗഖ്യം നല്കുക. മലബാറിലെ കാടും മേടും പിന്നിട്ട് മേരി ചെയ്തിരുന്നത് അതായിരുന്നു.

ഇന്ത്യയിൽ ഔദ്യോഗികമായി സാന്ത്വന ചികിത്സ ആരംഭിച്ചത് തന്നെ 1986 ൽ പ്രഫ. ഡോ. ഡിസൂസയുടെ നേതൃത്വത്തിൽ മുംബൈയിൽ ആയിരുന്നു. 1993 ൽ ഡോ. എം ആർ രാജഗോപാൽ ആണ് കോഴിക്കോട് കേന്ദ്രമായി കേരളത്തിൽ ആദ്യമായി പാലിയേറ്റീവ് സെന്റർ ആരംഭിച്ചത്.
പക്ഷേ അതിനും എത്രയോ വർഷങ്ങൾക്ക് മുമ്പാണ് ഡോ. മേരിയിലെ ദീർഘദർശി ആതുരരംഗത്ത് ഈ ശുശ്രൂഷയ്ക്ക് തുടക്കമിട്ടത്. പക്ഷേ ഇക്കാര്യമൊന്നും അറിയാതെയാണ് അത്യാഹിതവിഭാഗത്തിന്റെ മേധാവിയായി ജോലി ചെയ്യുമ്പോൾതന്നെ കോഴിക്കോട് മെഡിക്കൽ കോളജിൽ പാലിയേറ്റീവ് കോഴ്സിന്

ഡോ. മേരി ചേർന്നത്. ക്ലാസിൽ പങ്കെടുത്തുകൊണ്ടിരുന്നപ്പോഴാണ് ഇതുതന്നെയല്ലേ ഇത്രയും വർഷം താൻ ചെയ്തുകൊണ്ടിരുന്നത് എന്ന വെള്ളിവെളിച്ചം ഡോക്ടറുടെ മനസ്സിലേക്ക് കടന്നുവന്നത്. അന്ന് ഡോ. മേരി കളപ്പുരയ്ക്കൽ കോഴ്സിൽ അവതരിപ്പിച്ച പ്രബന്ധം ആത്മീയതയും പാലിയേറ്റീവ് കാൻസർ രോഗികളും എന്നതായിരുന്നു. മുക്തകണ്ഠപ്രശംസ നേടിയെടുത്ത ആ പ്രബന്ധം അന്നുവരെ ശീലിച്ചിട്ടില്ലാത്ത രോഗീപരിചരണത്തിന്റെ പുതിയ മുഖമാണ് അവതരിപ്പിച്ചത്. കോഴിക്കോട് നിന്ന് കോഴ്സ് കഴിഞ്ഞെത്തിയ ഡോക്ടർ മേരി കളപ്പുരയ്ക്കൽ കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ, കാരിത്താസ് പാലിയേറ്റീവ് കെയർ സ്ഥാപിച്ചു. ഇന്ന് വിദേശരാജ്യങ്ങളിൽ നിന്നെത്തുന്നവർക്ക് പോലും പഠിക്കാനും മാതൃകയാക്കാനും കഴിയുന്ന വിധത്തിൽ ഭാരതത്തിലെ മികച്ച പാലിയേറ്റീവ് കെയർ യൂണിറ്റുകളിൽ ഒന്നായി കാരിത്താസ് പാലിയേറ്റീവ് കെയർ വളർന്നതിന് പിന്നിൽ ഡോ. മേരിയുടെ കഠിനാദ്ധ്വാനവും സമർപ്പണവുമുണ്ടായിരുന്നു. ഹോം കെയർ, പാലിയേറ്റീവ് കെയറിന്റെ ഒരു അവിഭാജ്യഘടകമാണ്. രോഗികളെ വീട്ടിൽ ചെന്ന് അവരുടെ ആവശ്യങ്ങൾ നിറവേറ്റുക, കുടുംബാംഗങ്ങളുടെ രോഗവുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് വ്യക്തമായ മറുപടി നല്കുക, എയർ ബെഡ്, വീൽച്ചെയർ, വാക്കർ, ഓക്സിജൻ സിലണ്ടർ, ഹോസ്പിറ്റൽ കട്ടിൽ, ആവശ്യമായ മരുന്നും പരിചരണവും നല്കുക തുടങ്ങിയവയെല്ലാം ഇതിന്റെ ഭാഗമാണ്. തികച്ചും സൗജന്യമായിട്ടാണ് ഇവയെല്ലാം കാരിത്താസ് പാലിയേറ്റീവ് കെയർ ചെയ്തുവരുന്നത്. മറ്റ് പാലിയേറ്റീവ് കെയർ സെന്ററുകളിൽ നിന്ന് വ്യത്യസ്തമായി കാരിത്താസ് പാലിയേറ്റീവ് കെയറിനെ ശ്രദ്ധേയമാക്കുന്നത് അതിന്റെ വിശാലമായ പ്രവർത്തനശൈലിയാണ്. കാൻസർ രോഗികളായ വ്യക്തികളുടെ മക്കളുടെ തുടർവിദ്യാഭ്യാസചെലവുകൾ വഹിക്കുക, വിവാഹസഹായം നല്കുക, വീടുപണിതുകൊടുക്കുകയോ അറ്റകുറ്റപ്പണികൾ ചെയ്തുകൊടുക്കുകയോ ചെയ്യുക, ചെറിയരീതിയിലുള്ള വരുമാനം കണ്ടെത്തിക്കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക എന്നിവയെല്ലാം ഡോ. മേരിയുടെ നേതൃത്വത്തിൽ കാരിത്താസ് പാലിയേറ്റീവ് കെയർ ഇന്ന് ചെയ്തുവരുന്നുണ്ട്. നാനാജാതി മതസ്ഥരുടെ കണ്ണീരിനും നെടുവീർപ്പിനും സമാശ്വാസം നല്കാൻ ഇത്തരംപ്രവർത്തനങ്ങൾക്ക് കഴിയുന്നുണ്ട്. ചുരുക്കത്തിൽ 1970 കൾ മുതൽ മലബാറിൽ ഡോ. മേരി ചെയ്തിരുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചില മാധ്യമങ്ങൾ അവരെ സാന്ത്വനചികിത്സയുടെ മാതാവ് എന്ന് വിശേഷിപ്പിച്ചിട്ടുമുണ്ട്. വളരെ അർത്ഥവത്തായ വിശേഷണം എന്ന് ആ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കിയിട്ടുള്ള ഏതൊരാളും സമ്മതിക്കുകയും ചെയ്യും.

അതുപോലെ ചികിത്സ ഫലിക്കില്ലെന്ന് ഉറപ്പായ രോഗികളെ ഒരിക്കലും ഐസിയുവിലോ വെന്റിലേറ്ററിലോ കിടത്തരുതെന്നും അവരെ പ്രിയപ്പെട്ടവരുടെ പരിചരണവും സാന്നിധ്യവും അനുഭവിച്ച് മരിക്കാൻ അനുവദിക്കണമെന്നുമാണ് ഡോ. മേരിയുടെ അഭിപ്രായം. ശാന്തമായി മരിക്കാനും പ്രിയപ്പെട്ടവരെ കണ്ടുകൊണ്ട് കണ്ണടയ്ക്കാനും രോഗികൾക്ക് അവസരം കൊടുക്കണമെന്ന് അഭിപ്രായപ്പെടുന്ന ഡോക്ടർ, ശവമഞ്ചത്തിൽ ചാർത്തുന്ന പുഷ്പഹാരങ്ങൾക്കും മാലകൾക്കും ബൊക്കെകൾക്കും എതിരാണ്. ധൂർത്തായിട്ടാണ് മേരി അതിനെ കണക്കാക്കുന്നത്. ആ ധൂർത്തിന് ചെലവാക്കുന്ന പണം ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നീക്കിവച്ചുകൂടെ? മേരിയുടെ ചോദ്യം അതാണ്.

അതുകൊണ്ടുതന്നെ താൻ മരിക്കുമ്പോൾ അത്തരം ആചാരങ്ങൾ വേണ്ടെന്ന് അവർ നിർബന്ധപൂർവ്വം ബന്ധുക്കളോട് നിഷ്ക്കർഷിച്ചിട്ടുമുണ്ട്. വിദേശസുഹൃത്തുക്കളുടെ മരണശേഷം ബൊക്കെയ്ക്ക് വേണ്ടി ചെലവഴിക്കുന്നതിന് നീക്കിവച്ച പണം കൊണ്ട് കേരളത്തിൽ ആതുരശുശ്രൂഷകൾ നടത്തിയ ചരിത്രം കൂടിയുണ്ട് ഡോ. മേരിക്ക്.

മേരിയുടെ ദീർഘദർശിത്വവും ആശയങ്ങളും കാലം ശരിവച്ചുകൊണ്ടിരിക്കുന്നതിനാണ് ഇന്ന് നാം സാക്ഷികളായിരിക്കുന്നത്. ജീവിതത്തിലേക്ക് തിരികെവരില്ലെന്ന് ഡോക്ടേഴ്സിന് നൂറു ശതമാനം ഉറപ്പുണ്ടായിരുന്നിട്ടും രോഗികളുടെ ബന്ധുക്കളിൽ നിന്ന് പണം പിഴിയാൻ മാത്രമായി ഐസിയുവിലും വെന്റിലേറ്ററിലും പ്രവേശിപ്പിക്കുന്ന രീതി പല ആശുപത്രികൾക്കും ഉണ്ടല്ലോ. അവിടെയാണ് ഡോ. മേരിയുടെ ധാർമ്മികശബ്ദം ഉയർന്നുകേൾക്കുന്നത്. ആ അഭിപ്രായങ്ങൾക്ക് കൈയടിക്കേണ്ടതും അവ പ്രചരിപ്പിക്കേണ്ടതും നമ്മുടെ കടമയാണെന്ന കാര്യവും മറക്കരുത്. ഇങ്ങനെയുള്ള മൂല്യങ്ങൾക്ക് പ്രാധാന്യം നല്കിക്കൊണ്ടാണ് പയ്യാവൂരിൽ മേഴ്സി ആശുപത്രി ഡോക്ടർ സ്ഥാപിച്ചത്.

ജനകീയ ഡോക്ടർ

ജനങ്ങളുടെ ഹൃദയത്തുടിപ്പ് സ്റ്റെതസ്ക്കോപ്പു കൊണ്ടു മാത്രമല്ല സ്വന്തം ഹൃദയം കൊണ്ടുകൂടിയായിരുന്നു ഡോ. മേരി കളപ്പുരയ്ക്കൽ തിരിച്ചറിഞ്ഞിരുന്നത്. എന്നും ജനങ്ങളോടൊപ്പമായിരുന്നു അവർ

പ്രവർത്തിച്ചിരുന്നത്. ജീവിക്കുന്ന മേഖല ജർമ്മനിയോ കൂടല്ലൂരോ കോട്ടയമോ മലബാറോ എന്നത് അവരെ സംബനധിച്ച് അത്ര പ്രധാനമായിരുന്നില്ല. ഓരോ രോഗിയും ഓരോ ജീവിതമാണെന്ന തിരിച്ചറിവോടെ ദൈവം തന്നിൽ ഏല്പിച്ച ഉത്തരവാദിത്തം കാര്യക്ഷമതയോടെയും സ്നേഹത്തോടെയും കാരുണ്യത്തോടെയുമാണ് അവർ നിർവഹിച്ചുപോന്നിരുന്നത്. ആശുപത്രികളിലെ തിരക്കുപിടിച്ച ഡ്യൂട്ടിക്കിടയിലും കിടപ്പുരോഗികളുടെ ചികിത്സാർത്ഥം കാടും മേടും കയറിയിറങ്ങി പോകാൻ മേരിയെ നിർബന്ധിതയാക്കിയത് നിസ്വാർത്ഥമായ സ്നേഹം മാത്രമായിരുന്നു. അന്ന് വാഹനസൗകര്യങ്ങൾ ഇല്ലെന്നതോ പോകട്ടെ നേരാംവണ്ണമുള്ള വഴികൾ പോലും ഉണ്ടായിരുന്നില്ല.എന്നിട്ടും ഡോ മേരി തീക്ഷ്ണമതിയായ ഒരു മിഷനറിയെ പോലെ ആതുരാശുശ്രൂഷാരംഗത്ത് സജീവമായി ഇടപെട്ടിരുന്നു. തന്നെ കാത്തുകിടക്കുന്ന ശയ്യാവലംബികളായ രോഗികളെക്കുറിച്ച് ഓർമ്മിക്കുമ്പോൾ മടുപ്പോ തളർച്ചയോ അവർ അറിഞ്ഞിരുന്നുമില്ല. ഡോ. മേരിയുടെ കൈകൊണ്ട് പച്ചവെള്ളം തന്നാൽ പോലും രോഗം മാറുമെന്നായിരുന്നു അന്നത്തെ നാട്ടുകാരുടെ വിശ്വാസം. കണ്ണൂർ ജില്ലയിലെ കിഴക്കൻ മലയോരഗ്രാമങ്ങളിലെ നാനാജാതി മതസ്ഥർക്ക് ഏറെ പ്രിയപ്പെട്ടവളായിരുന്നു ഡോ. മേരി. രോഗീപരിചരണത്തിനപ്പുറം നാടിന്റെ നന്മയ്ക്കുവേണ്ടി , പ്രവർത്തിച്ചു എന്നതായിരുന്നു ഡോ. മേരിയെ ആബാലവൃദ്ധം ജനങ്ങളുടെയും പ്രിയപ്പെട്ടവളാക്കി മാറ്റിയത്.

## പാവങ്ങൾക്കൊപ്പം, പാവങ്ങൾക്കുവേണ്ടി

ജനങ്ങളുടെ ദുരിതജീവിതം തിരിച്ചറിയാനുള്ള മാർഗ്ഗം കൂടിയായിരുന്നു രോഗികളെ തേടിയുള്ള മേരിയുടെ ഭവനസന്ദർശനങ്ങൾ.. വിവാഹപ്രായം കഴിഞ്ഞുനില്ക്കുന്ന പെൺകുട്ടികളെയും വിദ്യാഭ്യാസം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതെ വഴി അടഞ്ഞുനില്ക്കുന്ന സമർത്ഥരെയും വീടില്ലാതെ വിഷമിക്കുന്നവരെയും മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവരെയും ആത്മഹത്യയുടെ വക്കിൽ നില്ക്കുന്ന കുടുംബങ്ങളെയും എല്ലാം കണ്ടുമുട്ടാൻ ഈ യാത്രകൾ മേരിക്ക് വഴിയൊരുക്കി. നിസ്സഹായർക്കും ദരിദ്രർക്കും തങ്ങളുടെ സങ്കടങ്ങൾ പറഞ്ഞുതീർക്കാനുള്ള ആശ്വാസത്തിന്റെ കുമ്പസാരക്കൂടുതന്നെയായിരുന്നു ഡോ. മേരി കളപ്പുരയ്ക്കൽ. അവരുടെ കണ്ണീര് മേരിയുടെ കരളിനെയാണ് പിളർത്തിക്കളഞ്ഞത്. അവരെ സഹായിക്കേണ്ടതിന്റെ ഉത്തരവാദിത്തവും മേരി സ്നേഹപൂർവ്വം ഏറ്റെടുത്തു.
ഡോ. മേരിയുടെ ദയാമസൃണമായ ഹൃദയത്തിന്റെ തണൽ പറ്റി ജീവിതത്തിന്റെ പച്ചപ്പിലേക്ക് കയറിപ്പോയ ഒരുപാട് കുടുംബങ്ങൾ ഇന്നും മലബാറിലുണ്ട്. മദ്യത്തിന് അടിമകളായ എത്രയോ പേരെ വിദഗ്ദ ചികിത്സയും കൗൺസലിംങും നല്കി ജീവിതത്തിന്റെ നേർദിശയിലേക്ക് മേരി വഴിതിരിച്ചുവിട്ടിട്ടുണ്ടെന്നോ.
ഇങ്ങനെ പല കുടുംബങ്ങളുടെയും സാമ്പത്തികവും സാമൂഹികവുമായ സുസ്ഥിതിക്കും ക്ഷേമത്തിനും ഐശ്വര്യത്തിനും പിന്നിൽ ഈ നിസ്വാർത്ഥമതിയുടെ കരങ്ങൾ വേണ്ടതിലധികം പ്രവർത്തിച്ചിട്ടുണ്ട്.ഇന്ന് എൺപത്തിയഞ്ചാം വയസിൽ എത്തിനില്ക്കുമ്പോൾ സഹായിക്കാനുള്ള സന്നദ്ധതയും സന്മനസും അവർക്ക് കൈമോശം വന്നിട്ടുമില്ല.
പ്രളയദുരിതക്കടലിൽ അകപ്പെട്ടുപോയ കേരള ജനതയെ തന്നാലാവുന്ന വിധത്തിലെല്ലാം സഹായിക്കാൻ അവർ മുന്നിട്ടിറങ്ങിയിരുന്നു. സഹായിക്കുമ്പോൾ അത് ജാതിയോ മതമോ നോക്കിയായിരിക്കരുത് എന്ന ഒറ്റ നിബന്ധന മാത്രമേ അവർക്കുള്ളുതാനും. ജോലി ചെയ്തിരുന്ന ഹോസ്പിറ്റലുകളിൽ നിന്നൊരിടത്തും തന്റെ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി ഡോ. മേരി ഒരു രൂപ പോലും വാങ്ങിയിട്ടില്ല. ആശുപത്രി അധികൃതർ നിശ്ചിത തുക മാസം തോറും നല്കിയിരുന്നുവെങ്കിലും ആ തുക ആശുപത്രിയിലെത്തുന്ന ദരിദ്രരോഗികളുടെ ചികിത്സയ്ക്കുവേണ്ടി മാറ്റിവയ്ക്കുകയായിരുന്നു ചെയ്തിരുന്നത്.

## ലാളിത്യം എന്ന സമ്പത്ത്

ഡോ. മേരിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പറയുമ്പോൾ ആ വ്യക്തിജീവിതത്തിലെ ലാളിത്യത്തെ കുറിച്ചും പരാമർശിക്കാതിരിക്കാനാവില്ല. ജർമ്മനിയിൽ ജോലി ചെയ്തിരുന്ന സമയങ്ങളിലെല്ലാം ഡോ. മേരി താമസിച്ചിരുന്നത് അടിസ്ഥാന സൗകര്യങ്ങൾ മാത്രമുള്ള ചെറിയൊരു മുറിയിലായിരുന്നു. മനസ്സുവച്ചാൽ എത്രയോ നല്ല മുറികളിൽ താമസിക്കാനുള്ള സൗകര്യവും സാഹചര്യവുമുണ്ടായിരുന്നു ഡോ. മേരിക്ക്. പക്ഷേ ഭൂമിയിലെ സുഖസൗകര്യങ്ങളിൽ ഒരിക്കൽ പോലും അവരുടെ കണ്ണ് ഉടക്കിയിട്ടില്ല.
തന്റെ സുഖവും സൗകര്യവും കൂടി മറ്റുള്ളവർക്കായി ത്യജിക്കുന്നതിലൂടെ ത്യാഗത്തിന്റെ ശ്രീകോവിലി

ലേക്ക് കയറിപ്പോവുകയായിരുന്നു  ഡോ. മേരി. തന്റെ സ്വകാര്യ യാത്രകൾക്ക് അടുത്തകാലംവരെയും പൊതുവാഹനങ്ങളെയാണ് അവർ ആശ്രയിച്ചിരുന്നതും.

ജർമ്മനിയിൽ നിന്ന് എന്നേയ്ക്കുമായി മടങ്ങിയപ്പോൾ ഒരു കണ്ടെയ്നർ നിറയെ സാധനങ്ങളാണ് മേരിക്കുണ്ടായിരുന്നത്. എന്നാൽ അവയിൽ ഒന്നുപോലും സ്വകാര്യആവശ്യത്തിനുള്ളതുമായിരുന്നില്ല. മറിച്ച് ആശുപത്രിക്കുവേണ്ട ഉപകരണങ്ങളും ദരിദ്രർക്കുള്ള വിഭവങ്ങളും മരുന്നുകളും രൂപതയുടെ വിവിധസ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളുമായിരുന്നു  അതിൽ നിറയെ ഉണ്ടായിരുന്നത്. ഭൂമിയിൽ സമ്പാദ്യങ്ങൾ ശേഖരിക്കാതെ കള്ളന്മാർ അപഹരിക്കാത്തതും ചിതൽ തിന്നാത്തതുമായ സ്വർഗ്ഗത്തിൽ നിക്ഷേപങ്ങൾ കൂട്ടിവയ്ക്കുന്നതിലായിരുന്നു  ഡോ. മേരിയുടെ എന്നത്തെയും ശ്രദ്ധ.

കൃപയുടെ പുഴയോരത്ത്

കാരിത്താസ് സെക്കുലർ ഇൻസ്ററിറ്റ്യൂട്ട് അംഗങ്ങളുടെ ആവശ്യപ്രകാരം പലപ്പോഴായി എഴുതിയ ജീവിതാനുഭവങ്ങളുടെ സമാഹാരമാണ്  കൃപയുടെ പുഴയോരത്ത് എന്ന പേരിൽ ആത്മകഥയായി പുറത്തിറങ്ങിയത്. തന്റെ പ്രവർത്തനങ്ങളെയും ജീവിതത്തെയും തെല്ലും അതിശയോക്തിയില്ലാതെ പകർത്തിയിരിക്കുന്ന ഈ കൃതി ഒരു ചരിത്രരേഖകൂടിയാണ്. പഴയകാല മലബാറിന്റെ യഥാർത്ഥമുഖം നമുക്കിവിടെ വ്യക്തമാകുന്നുണ്ട്.

വൈദ്യശാസ്ത്രരംഗത്ത് അമ്പതുവർഷവും സമർപ്പിതയെന്ന നിലയിൽ 63 വർഷവും പൂർത്തിയാക്കിയ ഡോ. മേരി കളപ്പുരയ്ക്കലിനെ  ജീവിതം കൊണ്ടും പ്രവർത്തനം കൊണ്ടും അടുത്തറിയുമ്പോൾ ആരും അത്ഭുതം കൊള്ളും.  വൈദ്യശാസ്ത്രരംഗത്ത് ഏറ്റവും ബുദ്ധിമുട്ടു നിറഞ്ഞ രണ്ടു ഡിപ്പാർട്ട്മെന്റുകളാണ് അത്യാഹിതവിഭാഗവും മരണം കാത്തുകിടക്കുന്ന രോഗികളുടെ പരിചരണവിഭാഗവും. ഈ രണ്ടുമേഖലകളിലും സാധാരണയായി ഒരു ഡോക്ടറും അധികകാലം സേവനം ചെയ്യാറില്ല. പക്ഷേ കഴിഞ്ഞ അമ്പതു വർഷമായി ഡോ. മേരിയുടെ സേവനം ഈ രണ്ടു ഡിപ്പാർട്ട്മെന്റുകളിൽ മാത്രമായിരുന്നു.ഒരായുസു കൊണ്ട് ഇത്രയുമധികം നന്മകൾ  സമൂഹത്തിനും സമുദായത്തിനും വേണ്ടി ചെയ്തിരിക്കുന്ന വ്യക്തികൾ വളരെ കുറവായിരിക്കും. എൺപത്തിയഞ്ചിലും നാല്പതിന്റെ ചുറുചുറുക്കോടെ മുന്നോട്ടുപോകുന്ന ആ ജീവിതത്തിന് മുമ്പിൽ ശിരസുകുനിച്ച് കൈകൾ കൂപ്പാതിരിക്കാൻ ആർക്കുമാവില്ല.  അപ്രാപ്യമെന്ന് തോന്നുന്ന ലക്ഷ്യം പോലും നിശ്ചയദാർഢ്യത്തിലൂടെ നേടാനാകുമെന്ന് തെളിയിച്ചു തന്ന ധീരവ്യക്തിത്വമാണ് ഡോ. മേരി കളപ്പുരയ്ക്കലിന്റേത്.

അർഹിക്കുന്നവന് ആവശ്യമായ നന്മ ചെയ്യാൻ മറ്റൊന്നും തടസ്സമാകരുതെന്ന ഡോ. മേരിയുടെ തത്വദീക്ഷ തന്നെയാണല്ലോ  യാത്രകളിൽ സ്റ്റെതസ്കോപ്പും അത്യാവശ്യം മരുന്നുകളും ബാഗിൽ കരുതാൻ അവരെ പ്രേരിപ്പിക്കുന്നത്.

ആ കർമ്മധീരതയ്ക്ക്,<br>
ആദർശശുദ്ധിക്ക്,<br>
സ്നേഹസമ്പന്നതയ്ക്ക്  വലിയൊരു സല്യൂട്ട്.